ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:14.08.2025**

## പ്രധാനവാർത്തകൾ

1. 79-ാമത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു അൽപസമയത്തിനകം രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നാളെ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും.

2. സംസ്ഥാനത്തും സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ. രാജ്യപുരോഗതിയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സ്വാതന്ത്രദിന സന്ദേശത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ദേശീയ പതാക ഉയർത്തും.

3. ബിഹാർ കരട് വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കിയ വോട്ടർമാരുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷന് നിർദ്ദേശം നൽകി സുപ്രീം കോടതി.

4. അഞ്ചാം ക്ലാസ് വിദ്യാർത്ഥിയെ ഇരുട്ടുമുറിയിൽ അടച്ചെന്ന ആരോപണത്തിൽ അടിയന്തര അന്വേഷണത്തിന് നിർദ്ദേശം നൽകി മന്ത്രി വി ശിവൻകുട്ടി.

RNU TVPM

5. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

********************************

## രാഷ്ട്രപതി-അഭിസംബോധന

79-ാമത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വൈകുന്നേരം 7 ന് രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ മുഴുവൻ ശ്യംഖലകളും ദൂരദർശനും അഭിസംബോധന പ്രക്ഷേപണം ചെയ്യും. സ്വാതന്ത്ര്യദിനമായ നാളെ രാവിലെ പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ ദേശീയ പതാക ഉയർത്തും. തുടർന്ന് അദ്ദേഹം രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. വിവിധ സേനാ വിഭാഗങ്ങളിൽ നിന്നും പ്രധാനമന്ത്രി അഭിവാദ്യം സ്വീകരിക്കും. നവ ഭാരതം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷങ്ങൾ. ഓപ്പറേഷൻ സിന്ദൂറിൻ്റെ വിജയത്തിനും ആഘോഷ പരിപാടികളിൽ പ്രത്യേക പ്രാധാന്യം നൽകും.കായിക താരങ്ങൾ, കർഷകർ, പഞ്ചായത്ത് തല നേതാക്കൾ, വിദ്യാർത്ഥികൾ, സംരംഭകർ തുടങ്ങി സമൂഹത്തിൻ്റെ നാനാതുറകളിൽ നിന്നുള്ള 5,000-ത്തോളം വിശിഷ്ടാതിഥികളാണ് ചുവപ്പ് കോട്ടയിൽ നാളെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കെടുക്കുക. വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാജ്യത്തുടനീളം ഒരുക്കിയിട്ടുള്ളത്.

RNU TVPM

********************************

## സ്വാതന്ത്ര്യദിനാഘോഷം-മുഖ്യമന്ത്രി

സ്വാതന്ത്ര്യദിനമായ നാളെ സംസ്ഥാനത്തും വിപുലമായ ആഘോഷപരിപാടികളാണ് നടക്കുന്നത്. തിരുവനന്തപുരം

സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ 9 ന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങൾ പങ്കെടുക്കുന്ന പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. തുടർന്ന് അദ്ദേഹം സ്വാതന്ത്ര്യദിന സന്ദേശം നൽകും. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ, ഫയർ സർവ്വീസ് മെഡലുകൾ, കറക്ഷനൽ സർവ്വീസ് മെഡലുകൾ, ജീവൻ രക്ഷാപതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി ചടങ്ങിൽ സമ്മാനിക്കും. ജില്ലകളിൽ നാളെ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തും. സ്വാതന്ത്ര്യ ആഘോഷങ്ങളിലൂടനീളം ഇക്കുറി ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കി സംസ്ഥാന സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ച ദേശീയ പതാകയുടെ നിർമ്മാണം, വിതരണം, വിൽപന, ഉപയോഗം മുതലായവ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

RNU TVPM

******************************

## ഗവർണർ (ഇൻട്രോ)

രാജ്യപുരോഗതിയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സ്വാതന്ത്രദിന സന്ദേശത്തിൽ ജനങ്ങളോട് ആഹ്വാനം ചെയ്ത് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ജനങ്ങൾ സഹിച്ച ത്യാഗങ്ങളുടെ ഫലമായാണ് നമ്മുടെ രാജ്യം ഈ സന്തോഷകരമായ നിമിഷത്തിന് സാക്ഷ്യം വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും, സഹജീവികളുടെ അന്തസ്സ് ഉറപ്പാക്കിക്കൊണ്ടും നാം സ്വാതന്ത്ര്യത്തെയും സമത്വത്തെയും കാത്തു സൂക്ഷിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

******************************

## സ്വാതന്ത്ര്യദിനം-മെഡലുകൾ

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള പോലീസ് , ഫയർ, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സർവീസ് മെഡലുകൾക്ക് 1,090 പേർ അർഹരായി . കേരളത്തിൽ നിന്നും എസ്.പി അജിത് വിജയൻ വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ നേടി. സ്തുത്യർഹ സേവനത്തിനുള്ള മെഡലുകൾക്ക് സംസ്ഥാനത്ത് നിന്നുള്ള 10 പോലീസ് ഉദ്യോഗസ്ഥർ അർഹരായി. സ്തുത്യർഹ സേവനത്തിനുള്ള ഫയർ സർവീസ് മെഡലുകൾ സംസ്ഥാനത്ത് നിന്ന് 6 ഉദ്യോഗസ്ഥരും, കറക്ഷണൽ സർവീസ് മെഡലുകൾ 8 പേരും നേടി.

*******************************

## ഹർ ഘർ തിരംഗ -പത്തനംതിട്ട (ഇൻട്രോ)

28 വർഷമായി എല്ലാ ദേശീയ ദിനങ്ങളിലും, അഞ്ചു വർഷമായി എല്ലാദിവസവും ഫ്ലാഗ് കോഡുകൾ കർശനമായി പാലിച്ചു പതാക ഉയർത്തുന്ന ഒരു വീടുണ്ട് പത്തനംതിട്ട പന്തളം കുളനടയിൽ. ജോസ് കെ തോമസിന്റെ തറയിൽ വീടാണ് ഇത്തരത്തിൽ ദേശസ്നേഹത്താൽ സമൂഹത്തിനാകെ മാതൃകയാകുന്നത്.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്......**

**(വോയ്സ്)**

*******************************

RNU TVPM

## ബിഹാർ സുപ്രിംകോടതി

ബിഹാർ കരട് വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കിയ വോട്ടർമാരുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷന് നിർദ്ദേശം നൽകി സുപ്രീം കോടതി. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി നീക്കം ചെയ്ത 65 ലക്ഷം വോട്ടർമാരുടെ വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കാനാണ് കോടതി ഇടക്കാല ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത്. ഒഴിവാക്കാനുള്ള കാരണവും വ്യക്തമാക്കണമെന്ന് ജസ്റ്റിസുമാരായ സൂര്യകാന്ത്, ജയ്മാല്യ ബാഗ്ചി എന്നിവർ ഉൾപ്പെട്ട രണ്ടംഗ ബഞ്ച് ഉത്തരവിൽ വ്യക്തമാക്കി.

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

RNU TVPM

*****************************

## ഹരിതകർമ്മസേന-എം.ബി രാജേഷ് (ഇൻട്രോ)

സംസ്ഥാനത്തെ ഹരിതകർമ്മസേനാംഗങ്ങളെ സംരംഭകരാക്കി മാറ്റുന്നതിനുള്ള ഹരിതകർമ്മസേന സംരംഭകത്വ വികസന പദ്ധതിക്ക് തുടക്കമായി . സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് കണ്ണൂരിൽ നിർവഹിച്ചു . ഹരിത കർമ്മ സേനാംഗങ്ങൾക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിനുള്ള സംരംഭങ്ങൾ ആവിഷ്ക്കരിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യമെന്ന് മന്ത്രി പറഞ്ഞു.

(ഹോൾഡ്)

186 പുതിയ സംരംഭങ്ങളിലൂടെ 7000-ത്തിൽ അധികം ഹരിതകർമ്മസേനാംഗങ്ങളെ സംരംഭകരാക്കി മാറ്റുകയാണ് പരിപാടിയുടെ ലക്ഷ്യം.

*****************************

## വി ശിവൻകുട്ടി- സ്കൂൾ

സ്കൂളിൽ എത്താൻ വൈകിയതിന് എറണാകുളത്ത് അഞ്ചാം ക്ലാസുകാരനെ ഇരുട്ടുമുറിയിൽ അടച്ചെന്ന ആരോപണത്തിൽ അടിയന്തര അന്വേഷണത്തിന് നിർദ്ദേശം നൽകി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികൾക്കെതിരെയുള്ള ഒരു വിവേചനവും അനുവദിക്കില്ലെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ച ശേഷം കൂടുതൽ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

*****************************

## എം.ആർ. അജിത് കുമാർ

അനധികൃത സ്വത്ത് സമ്പാദനക്കേസിൽ എഡിജിപി എം.ആർ. അജിത് കുമാറിന് വിജിലൻസ് നൽകിയ ക്ലീൻ ചിറ്റ് റിപ്പോർട്ട് തിരുവനന്തപുരം വിജിലൻസ് കോടതി തള്ളി. അഭിഭാഷകനായ നാഗരാജ് നൽകിയ ഹർജിയിലാണ് കോടതി നടപടി. റിപ്പോർട്ട് അപൂർണമാണെന്നും നിഷ്പക്ഷമല്ലെന്നും നിരീക്ഷിച്ച കോടതി പരാതിക്കാരന്റെ മൊഴിയെടുക്കാനും നിർദേശിച്ചു. അതിനുശേഷമാകും എം.ആർ അജിത്കുമാറിനെതിരെ പുതിയ അന്വേഷണം വേണോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുക.

*****************************

RNU TVPM

## ജമ്മു മേഘവിസ്ഫോടനം

ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിൽ മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ 10 മരണം . മച്ചൈൽ മാതാ തീർത്ഥാടനപാതയിലുള്ള ചോശിതി ഗ്രാമത്തിലാണ് ദുരന്തമുണ്ടായത്. പ്രദേശത്ത് രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സംഭവത്തിൽ രാഷ്ട്രപതിയും, പ്രധാനമന്ത്രിയും ദുഃഖം രേഖപ്പെടുത്തി. ദുരന്തബാധിതർക്ക് എല്ലാ സഹായവും കേന്ദ്ര,സംസ്ഥാന സർക്കാരുകൾ ഉറപ്പു നൽകി.

******************************

## ഐ.ഡി.എസ്.എഫ്.എഫ്.കെ

സംസ്ഥാന ചലച്ചിത്ര അക്കാദമി ഈ മാസം 22 മുതൽ 27 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 17 മത് കേരള രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വ ചലച്ചിത്രമേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു. പൊതു വിഭാഗത്തിന് 590 രൂപയും വിദ്യാർത്ഥികൾക്ക് 354 രൂപയുമാണ് അപേക്ഷാ ഫീസ്. രജിസ്ട്രേഷനായി www.registration.iffk.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

RNU TVPM

******************************

## വ്യോമസേനാ ബാൻഡ്

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി വ്യോമസേനാ ബാൻഡ് നാളെ വൈകുന്നേരം 6.30 ന് തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ സംഗീത വിരുന്നൊരുക്കും. ദേശീയ അഭിമാനവും ഐക്യവും വളർത്താൻ ലക്ഷ്യമിട്ടുള്ള സംഗീത പരിപാടിയിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

******************************

## ഫ്രീഡം ബൈക്ക് റാലി

സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നേതൃത്വത്തിൽ ഫ്രീഡം ബൈക്ക് റാലി സംഘടിപ്പിച്ചു. ചാക്കയിലെ ഇന്റർനാഷനൽ ടെർമിനൽ മുതൽ ശംഖുമുഖത്തെ ഡൊമസ്റ്റിക് ടെർമിനൽ വരെ നടന്ന റാലിയിൽ നൂറിലേറെ ജീവനക്കാർ പങ്കെടുത്തു.

********************************

## മഴ കേരളം

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയായിരിക്കും. കേരള - കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

********************************

## മൂഴിയാർ ഡാം-ഷട്ടർ

വൃഷ്ടിപ്രദേശത്ത് മഴ തുടരുന്ന സാഹചര്യത്തിൽ പത്തനംതിട്ട മൂഴിയാർ ഡാമിന്റെ മൂന്നു ഷട്ടറുകളിൽ രണ്ടാമത്തെ ഷട്ടർ 10 സെന്റീമീറ്റർ ഉയർത്തി ജലം പുറത്തേക്ക് ഒഴുക്കി തുടങ്ങി. ഇതുമൂലം ആങ്ങമൂഴി, സീതത്തോട് തുടങ്ങിയ സ്ഥലങ്ങളിൽ നദിയിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ കക്കാട്ടാറിന്റെയും, മൂഴിയാർ ഡാം മുതൽ കക്കാട് പവർഹൗസ് വരെയുള്ള ഇരുകരകളിലും താമസിക്കുന്നവരും പൊതുജനങ്ങളും ജാഗ്രത പുലർത്തണമെന്നും ജില്ലാകളക്ടർ അറിയിച്ചു

********************************************************************************************************